പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :4863

26.06.2019-ൽ
മറുപടിയ്ക്ക്

## ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ ജീവനക്കാര്യം

*ചോദ്യം*

ശ്രീ.പി.കെ.ബഷീർ

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിൽ അദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്ത് വരുന്ന ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമായ പ്രമോഷനും സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് ഐ.എച്ച്.ആർ.ഡി. സ്പെഷ്യൽ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ അർഹമായ പ്രമോഷനുകൾ (പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നിവ) നടത്തിയിട്ടുണ്ട്. എന്നാൽ, അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ചില നിരീക്ഷണങ്ങളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരമുള്ളചില ഗ്രേഡ് പ്രമോഷനുകൾ നടപ്പിലാക്കുവാൻ അവശേഷിക്കുന്നുണ്ട്. എ.ജി യുടെ എതിർപ്പുകൾ തീർപ്പാക്കുന്ന മുറയ്ക്കും ഐ.എച്ച്.ആർ.ഡി യുടെ സാമ്പത്തിക ശേഷി മെച്ചപ്പെടുന്ന മുറയ്ക്കും പ്രസ്തുത പ്രമോഷനുകൾ നടപ്പിലാക്കുന്നത് പരിഗണിക്കുന്നതാണ്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | | |
| (സി) | ഐ.എച്ച്.ആർ.ഡി. ജീവനക്കാർ | (സി) | ഐ.എച്ച്.ആർ.ഡി.യിലെ എല്ലാ സ്ഥിര |

| | | | |
|---|---|---|---|
| | വർഷങ്ങളായി ആവശ്യപ്പെടുന്ന ജി.പി.എഫ്. സംവിധാനം 2013 ന് മുമ്പ് ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; | & (ഡി) | ജീവനക്കാർക്കും കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമായതിനാൽ ജി.പി.എഫിന്റെ പരിധിയിൽ വരുന്നില്ല.<br>ഐ.എച്ച്.ആർ.ഡി.യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി ഡയറക്ടർ അയച്ചു തന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പ്രൊപ്പോസൽ പരിഷ്കരിച്ച് സമർപ്പിക്കാൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ